കാപ്പക്സ്—അളവ്

1985–86 2218.689 മെട്രിക്ടൺ (ഉണക്കിയ കശുവണ്ടി).

463.224 മെടിക് ടൺ (ഉണക്കാത്ത കശുവണ്ടി)
(10–3–1986 വരെ)

കയാഷ്യൂ കോർപ്പറേഷൻ

1984	നാടൻ	12,570 മെട്രിക് ടൺ
	ആഫ്രിക്കൻ	10,273 മെട്രിക് ടൺ
1985	നാടൻ	5325 മെട്രിക് ടൺ
	ആഫ്രിക്കൻ	5675 മെട്രിക് ടൺ
1986 (10–3–1986 വരെ)		500 മെട്രിക്ടൺ

സൂപ്പർ ടാക്സ് കുടിശ്ശിക

* 81. [86] ശ്രീ. ടി. കെ. ഹംസ :

,, എസ്. ഗോവിന്ദകുറുപ്പ് :

,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൂപ്പർ ടാക്സ് കുടിശ്ശിക എന്ന ഇനത്തിൽ പ്രതിമാസം എന്തു തുക വീതം കെ. എസ്. ആർ. ടി. സി. യിൽ നിന്നും ഗവൺമെൻറ് ഈടാക്കുന്നു.

(ബി) 1985–86–ൽ 28–2–1986 വരെ ഈ ഇനത്തിൽ കെ. എസ്. ആർ. ടി. സി. സർക്കാരിനു നൽകിയ തുക എത്ര?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) സൂപ്പർ ടാക്സ് എന്നൊരു ഇനം ഇല്ല. പ്രതിമാസം സർച്ചാർജ് ഇനത്തിൽ തുക സർക്കാരിനു കൊടുക്കാറില്ല. എന്നാൽ പുതിയ ബസ്സുകൾ റോഡിലിറക്കുമ്പോൾ ടാക്സും സർച്ചാർജും, ചേർത്തുള്ള തുക ഗവൺമെൻറ് ഈടാക്കുന്നുണ്ട്. അതോടൊപ്പം സംസ്ഥാനാന്തര സർവ്വീസുകൾക്ക് സർചാർജും ടാക്സും ചേർത്തുള്ള തുക മൂന്നു മാസത്തിലൊരിക്കൽ ഈടാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1985–86 സാമ്പത്തിക വർഷത്തിൽ 28–2–1986 വരെ സർച്ചാർജ് ഇനത്തിൽ സർക്കാരിന് 20,69,169 രൂപ കെ. എസ്. ആർ. ടി. സി. നൽകിയിട്ടുണ്ട്.

ബസ് ചാർജ്

*82. [87] ശ്രീ. കെ. പി. പ്രഭാകരൻ:

,, കെ. ആർ. ചന്ദ്രമോഹനൻ:

,, എം. കെ. കേശവൻ:

ഡോ. എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം, 28–2–1986–വരെ എത്രതവണ ബസ് ചാർജ് വർദ്ധിപ്പിച്ചു;

(ബി) ഇനിയും ബസ് ചാർജ് വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ;

(സി) എങ്കിൽ ഇതിൻെറ കാരണമെന്താണ്; വർദ്ധിപ്പിക്കാനുദ്ദേശിക്കുന്ന സംഖ്യ എത്രയാണ്;

(ഡി) ഓരോ തവണയും എത്രയാണ് വർദ്ധിപ്പിച്ചതെന്നും ഏതു മുതലാണ് വർദ്ധനവ് നടപ്പാക്കിയതെന്നും വ്യക്തമാക്കാമോ;

(ഇ) ബസ്ചാർജ് വർദ്ധനവ് വഴി ഈ കാലയളവിൽ കെ. എസ്. ആർ. ടി. സി. ക്ക് ഉണ്ടായ അധികവരുമാനമെത്ര?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) രണ്ടുപ്രാവശ്യം വർദ്ധിപ്പിച്ചു. കൂടാതെ സിറ്റി സർവ്വീസിൽ രണ്ടാമത്തെ സ്റ്റേറേജിൽ 10 പൈസയുടെ വർദ്ധനവ് അടുത്ത കാലത്ത് വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി ആൻഡ് സി) വാഹനങ്ങൾക്ക് ആവശ്യമായ സ്പെയർപാർട്ടിൻെറയും ഇന്ധനത്തിൻെറയും വില വർദ്ധിക്കുന്നതുമൂലവും ജീവനക്കാർക്ക് വേതനം വർദ്ധിപ്പിക്കേണ്ടതായി വന്നാലും അതാതു കാലങ്ങളിൽ ബസ്ചാർജ് വർദ്ധിപ്പിക്കേണ്ടതായി വന്നേക്കാം. എന്നാൽ തൽസമയം ബസ് ചാർജ് വർദ്ധനവിൻെറ തീരുമാനം ഒന്നും എടുത്തിട്ടില്ല.

(ഡി) ജി. ഒ. (പി) നം. 14/83/ടി. എഫ്. ആൻ. പി. ഡി. തീയതി 8–3–1983 പ്രകാരവും ജി. ഒ. (പി.) നം. 17/85/ടി ആർ. ഡി. തീയതി 12–4–1985 പ്രകാരവും ബസ് ചാർജ് രണ്ടുതവണ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ ജി. ഒ. (എം. എസ്.) നം. 35/86/പി.

LIBRARY ARCHIVES Kerala Legislative Assembly